വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) സ്റ്റേറ്റിൽ ആകെ 256 പഞ്ചായത്തുകൾക്കു സ്വന്തമായി ആഫീസു കെട്ടിടങ്ങളുണ്ടു്.

(ബി) പഞ്ചായത്തുകൾക്കു് ആഫീസു് കെട്ടിടങ്ങൾ പണിയുന്നതിനു ഗ്രാന്റു കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഇപ്പോഴത്തെ നിലവിലുണ്ടു്.

ശ്രീ. കെ. നാരായണക്കുറുപ്പു്: അടുത്ത സാമ്പത്തികവർഷത്തിൽ എത്ര പഞ്ചായത്തുകൾക്കു് സ്വന്തമായ ആഫീസു് കെട്ടിടങ്ങൾ പണിയുന്നതിനു് ഗ്രാന്റു കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയാമോ?

ശ്രീ കെ. എ. ദാമോദരമേനോൻ: അതേപ്പറ്റി ബന്ധിതമായി ഇപ്പോഴം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ പഞ്ചായത്തുകൾക്കു കെട്ടിടം കെട്ടുന്നതിനു ലോണും ഗ്രാന്റും കൊടുക്കുന്ന സമ്പ്രദായമുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ചു വ്യക്തമായ ഒരു നിയമം ഇന്നു നിലവിലുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വ്യക്തമായ നിയമം നിലവിലില്ല. അതു സംബന്ധിച്ചു പൂർണ്ണമായ വിവരം നൽകാൻ ഉള്ള വിവരം ഇപ്പോഴം എന്റെ കയ്യിലില്ല.

ശ്രീ. ഇ. പി. ഗോപാലൻ: പുതിയതായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകൾക്കു് സ്വന്തമായി ആഫീസുകെട്ടിടമുണ്ടാക്കുന്നതിനു സ്വന്തമായി വരവില്ലാ എന്നുള്ളതിനെ പരിഗണിച്ചു് പുതിയതായി നിലവിൽവന്ന പഞ്ചായത്തുകൾക്കു് ആഫീസുകെട്ടിടം പണിയുന്നതിനു ഗ്രാന്റായിട്ടും ലോണായിട്ടും കൊടുക്കാൻ ഇപ്പോഴം വകയിരുത്തീട്ടുള്ളതു് വളരെ നിസ്സാരമായിട്ടുള്ള സംഖ്യയാണു്. മലബാർ ഭാഗത്തു് അതു കിട്ടീട്ടുണ്ടോ എന്നും സംശയിക്കുന്നു. അപ്പോഴം ഈ പുതിയ പഞ്ചായത്തുകൾക്കെങ്കിലും ഈ ഗ്രാന്റു കൊടുക്കാൻ ഉള്ള പദ്ധതി രൂപീകരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോഴം നാം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അനുസരിച്ചുമാത്രമേ സഹായം ചെയ്യാൻ സാധിക്കയുള്ളൂ.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും മോഡൽ വെൽഫെയർ സെന്ററുകളും

* 578. [20] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോഴം എത്ര ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും, എത്ര മോഡൽവെൽഫെയർ സെന്ററുകളും നിലവിലുണ്ടു്;

(ബി) 1960-61, 1961-62, 1962-63 എന്നീ സാമ്പത്തികവർഷത്തിലും 1963-64-ൽ ജനുവരി അവസാനംവരെയും ഓരോ വർഷവും ആരംഭിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ എത്ര; മോഡൽ വെൽഫെയർ സെന്ററുകൾ എത്ര;

(സി) ഈ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളെയും, മോഡൽ വെൽഫെയർ സെന്ററുകളെയും, പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകളായി മാറ്റാനും അതോടൊപ്പം അവിടെ പുതിയ ട്രെയിഡുകൾകൂടി ഏർപ്പെടുത്തി അതിൽ പരിശീലനം നൽകാനും ആവശ്യമായ നടപടികൾ എടുക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോഴം 15 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും, 55 മോഡൽ വെൽഫെയർ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1960–61–ൽ നാലു ഇൻഡസ്ട്രിയൽ ടെയിനിംഗ് സെൻറുകളും, 27 മോഡൽ വെൽഫെയർ സെൻറുകളും ആരംഭിച്ചിട്ടുണ്ട്. 1961-62, 1962-63 എന്നീ വർഷങ്ങളിൽ പുതിയ സെൻറുകളൊന്നുംതന്നെ തുടങ്ങിയിട്ടില്ല.

(സി) ഏതാനും ചില മോഡൽ വെൽഫെയർ ടെയിനിംഗ് സെൻറുകളെ പ്രൊഡക്ഷൻ-കം-ടെയിനിംഗ് സെൻറുകളായി മാറ്റുന്നതിനുള്ള നടപടികളും എടുത്തുവരികയാണ്.

ശ്രീ. ഒ. കോരൻ: ഈ സെൻറുകളിൽ പരിശീലനം സിദ്ധിച്ച ഹരിജൻ വിദ്യാർത്ഥികൾക്ക് കൈവേലയിൽ കൂടുതൽ താല്പര്യമുള്ള ചില വിദ്യാർത്ഥികളെ, ഈ ഇൻസ്റ്റിറ്റ്യൂഷൻസിൽനിന്നും തെരഞ്ഞെടുത്ത് അവർക്ക് കൂടുതൽ പരിശീലനം നൽകാൻ ഒരു Central Institution രൂപീകരിക്കണമെന്നും ഇവാല്യുവേഷൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നത് നടപ്പിൽ വരുത്താൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ ഒരു സെൻട്രൽ ഇൻസ്റ്റിറ്റ്യൂഷൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. രണ്ടുകൊല്ലത്തെ പരിശീലനമാണ് അവർക്ക് ഇപ്പോൾ കൊടുക്കുന്നത്. ആ രണ്ടുകൊല്ലംകൊണ്ട് അതു ഉപയോഗപ്പെടുത്താൻ സാധിക്കും.

ധാതു ഖനനം സംബന്ധിച്ച പരിപാടികൾ

* 579. [21] † ശ്രീ. പി. ബാലചന്ദ്രമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ലിഗ്നൈറ്റ്, ഗന്ധകം, ഈയം, ഇരുമ്പയിരും, ചണ്ണാമ്പുകല്ല് മുതലായവ കേരളത്തിൽ ധാരാളമായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ ഖനനം സംബന്ധിച്ച് എന്തെങ്കിലും പരിപാടികൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ അവയെക്കുറിച്ച് സർവ്വേ നടത്തുവാൻ വേണ്ടതായ നടപടികൾ സ്വീകരിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): (എ) ഗന്ധകം ഉള്ളതായി അറിവില്ല. ലിഗ്നൈറ്റ്, ഈയം, ഇരുമ്പയിര്, ചണ്ണാമ്പുകല്ല് മുതലായവ കേരളത്തിൽ ഉണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ഇരുമ്പയിര് അയിര്, ഈയം ചണ്ണാമ്പുകല്ല് ഇവയുടെ ഖനനം സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: കോഴിക്കോട് ജില്ലയിൽ നൻമണ്ട എന്ന സ്ഥലത്തു നല്ല ഇരുമ്പുണ്ട് എന്ന ശ്രദ്ധയിൽപെടുകയും അതിനു കമ്മേഴ്സ്യൽ ബേസിസിൽ ഖനനം നടത്താൻ സാദ്ധ്യതയുണ്ടോ എന്ന അന്വേഷണം നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതു എത്രത്തോളം സാദ്ധ്യമാകും എന്നുള്ളതിനെപ്പറ്റി ഒരു ഇൻറൻസീവു സർവ്വേ നടത്താൻ പോകുന്നു എന്നും പത്രത്തിൽ കാണുകയുണ്ടായി. അതുസംബന്ധിച്ചുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ ഫലം എന്തെങ്കിലും പറയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇൻറൻസീവു സർവ്വേ നടത്തിക്കഴിഞ്ഞിട്ടില്ല. പക്ഷെ, അവിടെയുള്ള ഇരുമ്പിനെപ്പറ്റി അന്വേഷിച്ചപ്പോൾ നല്ല രീതിയിലാണെന്നുള്ള മെമ്പറുടെ അഭിപ്രായം ശരിയാണ്. പക്ഷെ, അതു കമ്മേഴ്സ്യൽ സ്റ്റേയിലിൽ പരിശോധിക്കാൻ സാദ്ധ്യമാകുമോ എന്നു സംശയിക്കുകയാണ്.

† Put by Shri C. K. Balakrishnan.

LIBRARY ARCHIVES Kerala Legislative Assembly